ഉത്തരം

(എ) അപേക്ഷ ലഭിച്ച സ്കൂളുകളെല്ലാം തന്നെ ബന്ധപ്പെട്ട പരിശോധനാ കമ്മിറ്റി പരിശോധന നടത്തുന്നതാണ്.

(ബി) 1999-2000 അദ്ധ്യയനവർഷം പുതിയ പ്ളസ് ടൂ സ്കൂളുകൾ ഒന്നും അനുവദിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിരുന്നതുകൊണ്ട് ഒരു സ്കൂളിന്റെ അപേക്ഷയും പരിഗണിച്ചിരുന്നില്ല.

(സി&ഡി) പരിശോധിക്കുന്നതാണ്.

പ്ളസ് ടൂ കോഴ്സ് അനുവദിക്കുന്ന സ്കൂളുകളുടെ എണ്ണം

36 (2016) ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അൺ എയ്ഡഡ് സ്കൂളുകളിലും പ്ളസ് ടൂ കോഴ്സ് അനുവദിക്കുമ്പോൾ പ്രാദേശിക സാമുദായിക സന്തുലിതാവസ്ഥ പാലിക്കുവാൻ ശ്രദ്ധിക്കുമോ ;

(ബി) പ്ളസ് ടൂ കോഴ്സുകൾ അനുവദിക്കുന്ന ഗവൺമെന്റ് സ്കൂളുകളിൽ എയ്ഡഡ് സ്കൂളുകൾ, അൺ എയ്ഡഡ് സ്കൂളുകൾ എന്നിവ എത്ര വീതമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) അൺ എയ്ഡഡ് സ്കൂളുകളിൽ പ്ളസ് ടൂ അനുവദിക്കാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

(ബി) ഈ വർഷം പ്ളസ് ടൂ കോഴ്സുകൾ അനുവദിക്കുന്നതിന് അപേക്ഷ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചതേയുള്ളൂ. വിജ്ഞാപന പ്രകാരം അപേക്ഷ ലഭിക്കേണ്ട അവസാന തീയതി 6-3-2000 ആയിരുന്നു. അപേക്ഷകൾ തരംതിരിച്ച് സ്കൂളുകളിൽ പ്ളസ് ടൂ അനുവദിച്ചതിനുശേഷമേ വ്യക്തമായ കണക്കുകൾ ലഭ്യമാക്കുവാൻ കഴിയുകയുള്ളൂ.

പ്ളസ് ടൂ കോഴ്സിലേയ്ക്കുള്ള പാഠ്യവിഷയങ്ങൾ

37 (2017) ശ്രീ. ടി. നാണു മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ളസ് ടൂ കോഴ്സിലേക്ക് ഏതെല്ലാം വിഷയങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് ;

(ബി) പ്ളസ് ടൂ കോഴ്സിലേക്ക് പാഠ്യ വിഷയങ്ങൾ തെരഞ്ഞെടുക്കുന്നതിന് ഏതെങ്കിലും മാനദണ്ഡങ്ങൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അത് എന്താണെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly